# വിനയവും എളിമയും

عَن أبِى هُرَيْرَةٍ رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: إِنَّ الله أَوْحَى إِلَيَّ أَنْ تَوَاضَعُوا حَتى لاَ يَفْخَرَ أَحَدٌ على أَحَدٍ ، وَلاَ يَبْغِى أَحَدٌ عَلَى أَحَدٍ

**അബൂഹുറയ്‌റയിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: "നിങ്ങൾ വിനയാന്വിതരായിത്തീരൂ എന്ന് അല്ലാഹു എനിക്ക് ബോധനം നൽകിയിരിക്കുന്നു; നിങ്ങളിലൊരാളും മറ്റൊരാളുടെ മേൽ അഹന്ത കാണിക്കാതിരിക്കാനും, ഒരാളും മറ്റൊരാളെ കടന്നാക്രമിക്കാതിരിക്കാനും വേണ്ടി" (മുസ്‌ലിം).**

**വിനയമാണ്** വിശ്വാസിയുടെ മുഖമുദ്ര. മനുഷ്യൻ ഉന്നതനും വിശിഷ്ടനുമാകുന്നത് വിനയവും എളിമയുമുണ്ടാകുമ്പോഴാണ്. വിനയം എല്ലാ സൽഗുണങ്ങളുടെയും മാതാവെന്ന് വിശേഷിപ്പിക്കാം. അല്ലാഹുവിന്റെ യഥാർഥ ഭക്തന്മാരുടെ സ്വഭാവം ഖുർആൻ വിവരിക്കുന്നത് നോക്കുക: "ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരാണ് പരമ കാരുണികന്റെ ദാസന്മാർ" (*അൽഫുർഖാൻ* 63).

വിനയത്തിന്റെ വിപരീതമാണ് അഹങ്കാരം. അല്ലാഹുവിനെ ധിക്കരിക്കലും മറ്റുള്ളവരെ താഴ്ത്തിക്കെട്ടലുമാണ് ഇസ്‌ലാമിക ദൃഷ്ട്യാ അഹങ്കാരം. എല്ലാത്തിലും ഞാനാണ് വലിയവൻ എന്ന ഭാവമാണത്. അഹങ്കാരത്തിന്റെ നേരിയ അംശം പോലും കുറ്റമാണ്. നരകമാണവരുടെ സങ്കേതം. നബി(സ) പറഞ്ഞു: "അണുത്തൂക്കം അഹംഭാവം മനസ്സിലുള്ള ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല" (മുസ്‌ലിം).

വിനയം വ്യക്തിത്വത്തിന് മാറ്റ് കൂട്ടും. ഗാംഭീര്യം വർധിപ്പിക്കും. യശസ്സും പദവിയും ഉയർത്തും. ഗർവ് അവനെ താഴ്ത്തിക്കളയും. സമൂഹത്തിൽ നിന്ദ്യനും നീചനുമായിരിക്കും അയാൾ.

നബി(സ) അരുളുന്നു; "ആരെങ്കിലും അല്ലാഹുവിനെയോർത്ത് വിനയശീലനായാൽ അല്ലാഹു അവനെ ഉയർത്തും; അയാളപ്പോൾ സ്വന്തം മനസ്സിൽ ചെറിയവനും ജനത്തിനിടയിൽ മഹാനുമായിരിക്കും. ആരെങ്കിലും അഹന്ത നടിച്ചാൽ അല്ലാഹു അവനെ താഴ്ത്തും; സ്വന്തം മനസ്സിൽ വലിയവനും ജനമനസ്സിൽ നിസ്സാരനുമായിരിക്കും അയാൾ. എത്രത്തോളമെന്നാൽ, അവർക്കിടയിൽ നായയേക്കാളും പന്നിയേക്കാളും തരംതാണവനായിരിക്കും അയാൾ" (ബൈഹഖി).

വിനയവും എളിമയും അനുവർത്തിക്കാൻ നബി(സ) വിശ്വാസികളോട് കൽപിക്കുകയും അത് സ്വന്തം ജീവിതത്തിലൂടെ ലോകത്തിന് കാണിച്ചുകൊടുക്കുകയും ചെയ്തു. അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ ആധിപത്യം കൈയിൽ വന്നിട്ടും ഒരു വിധത്തിലും ഔന്നിത്യം കാണിച്ചിരുന്നില്ലെന്ന് മാത്രമല്ല എല്ലാവരോടും വിനയപൂർവമായിരുന്നു അവിടുന്ന് പെരുമാറിയിരുന്നത്. ചെരിപ്പ് കുത്തും. കീറിയ തുണി തുന്നും. പാത്രം കഴുകും. ആടിനെ കറക്കും. രോഗിയെ സന്ദർശിക്കും. അടുക്കള ജോലിയിൽ സഹായിക്കും. കഴുതപ്പുറത്ത് സഞ്ചരിക്കും. കുട്ടികളുടെ അരികിലൂടെ പോകുമ്പോൾ അവർക്ക് സലാം ചൊല്ലും. അനുയായികളുടെ കൂടെ ഇരിക്കും, അവരിൽ ഒരാളായി. അതുകൊണ്ട് ആരാണ് നബിയെന്ന് അപരിചിതർ തിരിച്ചറിഞ്ഞിരുന്നില്ല. കിട്ടിയത് തിന്നും. ഉള്ള വസ്ത്രം ധരിക്കും. ഇങ്ങനെ ചരിത്രത്തിൽ തുല്യതയില്ലാത്ത വിനയത്തിന്റെ പ്രതിരൂപമായിരുന്നു പ്രവാചകൻ.

ഒരു യാത്രാ വേളയിൽ തിരുമേനി പറഞ്ഞു: നമുക്ക് ഒരാടിനെ അറുത്ത് ഭക്ഷണം പാകം ചെയ്യാം. അനുയായികൾ തയാറായി. ജോലികൾ ഓരോരുത്തരും വീതം വെച്ചു. അറുക്കുന്നത് ഞാൻ –ഒരാൾ പറഞ്ഞു. തോല് ഉരിയുന്ന പണി എനിക്ക് –രണ്ടാമൻ പറഞ്ഞു. വെള്ളം ഞാൻ കൊണ്ടുവരും –മൂന്നാമൻ. കൂട്ടത്തിൽ നബി(സ) പറഞ്ഞു: എന്നാൽ വിറക് ഞാൻ കൊണ്ടുവരാം. സ്വഹാബികൾ സമ്മതിച്ചില്ല. അവർ പറഞ്ഞു: വേണ്ട റസൂലേ, അതും ഞങ്ങൾ ചെയ്യും. അപ്പോൾ നബി(സ) പറഞ്ഞു: ഒരു നേതാവിന്റെ ഗമയിൽ നിങ്ങളിൽനിന്ന് വേറിട്ടു നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇതാ മറ്റൊരു മാതൃക: ഒരാൾ തിരുമേനിയെ കണ്ടമാത്രയിൽ ബേജാറായി വിറക്കാൻ തുടങ്ങി. പരിഭ്രമിക്കാതിരിക്കൂ, ഞാൻ രാജാവൊന്നുമല്ല, ഉണക്കമാംസം പാകം ചെയ്തിരുന്ന ഒരു സാധാരണ ഖുറൈശി സ്ത്രീയുടെ മകനാണ് എന്ന് പറഞ്ഞ് അവിടുന്ന് ആഗതനെ ആശ്വസിപ്പിച്ചു. എന്തൊരു വിനയം!

തന്നെ കല്ലെറിഞ്ഞോടിച്ച ധിക്കാരികളായ ത്വാഇഫിലെ ജനങ്ങൾക്ക് പൊറുത്തുകൊടുക്കാൻ പ്രാർഥിച്ച പ്രവാചകന്റെ വിനയവും വിട്ടുവീഴ്ചയും ലോകത്തിനൊരു മാതൃകയാണ്. ■

**അബ്ദുൽജബ്ബാർ കൂരാരി**